LIBRARY ARCHIVES Kerala Legislative Assembly

നാളികേര കർഷകർക്കായി ആവിഷ്കരിച്ച പദ്ധതികൾ

93 [1170] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാളികേര കർഷകരെ സഹായിക്കാൻ സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) വിദേശ രാജ്യങ്ങളിൽ നിന്ന് നാളികേരവും അനുബന്ധ ഉൽപ്പന്നങ്ങളും തൊണ്ട്, ചകിരി എന്നിവയും ഇറക്കുമതി ചെയ്യുന്നതിനെതിരെ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ നാളികേര കർഷകരെ സഹായിക്കാൻ സംസ്ഥാന ഗവൺമെന്റ് സംസ്ഥാനാവിഷ്കൃത പദ്ധതികൾ നാളികേര വികസന ബോർഡ് പദ്ധതികൾ, നാളികേര ടെക്നോളജി വിഷൻ പദ്ധതി, മണ്ഡരി കീടനിയന്ത്രണം എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) നാളികേരത്തിന്റേയും നാളികേര ഉൽപ്പന്നങ്ങളുടേയും ഇറക്കുമതി തോത് പരിധിക്കുള്ളിൽ ആയതുകൊണ്ട് ഇവയുടെ ഇറക്കുമതിയെ സംബന്ധിച്ച് സംസ്ഥാന സർക്കാർ യാതൊരുവിധ നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടില്ല.

മണ്ഡരി നിവാരണ പദ്ധതി

94 [1171] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിവകുപ്പ് ഈ സാമ്പത്തികവർഷം മണ്ഡരി നിവാരണ പദ്ധതി നടപ്പാക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് കേരളത്തിലെ സഹകരണ സ്ഥാപനമായ റെയ്ഡ്കോ-കേരള എന്ന സ്ഥാപനത്തെ കൂടി ചുമതലപ്പെടുത്തുമോ ;

(ഡി) മുമ്പ് ഇത്തരം പ്രവർത്തനങ്ങൾക്ക് റെയ്ഡ്കോ-കേരള എന്ന സ്ഥാപനത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇപ്പോൾ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ഈ സാമ്പത്തികവർഷം ഒരുകോടി മണ്ഡരി ബാധിച്ച തെങ്ങുകൾക്ക് മരുന്ന് തളിക്കുന്നതിനും 400 ലക്ഷം തെങ്ങുകൾക്ക് വളം വിതരണം നടത്തുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. 3-2-2005വരെ 28,30,771 തെങ്ങുകൾക്ക് മരുന്ന് തളിച്ചുകഴിഞ്ഞിട്ടുണ്ട്.